പിറവത്തെ ഐ.ബി.യുടെ നിർമ്മാണം

46(949) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവത്ത് ജലസേചനവകുപ്പ് നിർമ്മിച്ചുകൊണ്ടിരുന്ന ഐ.ബി.യുടെ പണികൾ നിർത്തിവയ്ക്കുവാനുണ്ടായ കാരണമെന്ത് ;

(ബി) ഇതിന്റെ പണികൾ എന്നാണ് ആരംഭിച്ചത് ;

(സി) കരാർ എന്ത് തുകയ്ക്കാണ് നല്കിയത് ;

(ഡി) ആകെയുള്ള ജോലികളിൽ ഏതെല്ലാം ജോലികൾ പൂർത്തിയായപ്പോഴാണ് പണി നിർത്തിവയ്ക്കേണ്ടി വന്നത് ;

(ഇ) പണികൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പണികൾ ചെയ്തുകൊണ്ടിരുന്ന കരാറുകാരൻതന്നെ തുടർന്നും നിർമ്മാണ പ്രവർത്തനം നടത്താൻ സമ്മതിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) ഏത് വർഷത്തെ ഷെഡ്യൂൾ അനുസരിച്ചാണ് ആദ്യകരാറുകാരൻ പണികൾ ചെയ്തുവന്നത് ;

(എച്ച്) റീ-ടെൻഡർ ചെയ്യുകയാണെങ്കിൽ ഏത് ഷെഡ്യൂൾ അനുസരിച്ചാണ് ടെൻഡർ ചെയ്യണ്ടേത് ;

(ഐ) ആദ്യത്തെ ടെൻഡർ ഷെഡ്യൂളും പുതിയ ടെൻഡർ ഷെഡ്യൂളും തമ്മിൽ എത്ര ശതമാനത്തിന്റെ വ്യത്യാസമുണ്ട് ?

ഉത്തരം

(എ) വിജിലൻസ് അന്വേഷണം നടന്നുവരുന്നതുകൊണ്ടാണ് ഐ.ബി.യുടെ പണി നിർത്തിവച്ചിരിക്കുന്നത്.

(ബി) 3-5-1995-ൽ.

(സി) 38,65,666 രൂപയ്ക്ക്.

(ഡി) കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ തീരുകയും സ്ഥലം നിരപ്പാക്കുന്ന പണികൾ മിക്കവാറും തീരുകയും ചെയ്തശേഷമാണ് പണികൾ നിർത്തിവയ്ക്കേണ്ടി വന്നത്.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോൾ പ്രസക്തമല്ല.

(ജി) 1992-ലെ ഷെഡ്യൂൾ റേറ്റ് അനുസരിച്ച്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പണികൾ പുനരാരംഭിക്കുമ്പോൾ അന്ന് നിലവിലുള്ള ഷെഡ്യൂൾ അനുസരിച്ചാണ് പണികൾ ടെൻഡർ ചെയ്യേണ്ടത്.

(ഐ) പണികൾ പുനരാരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുക്കുമ്പോൾ മാത്രമേ ഇക്കാര്യം വ്യക്തമാകുകയുള്ളൂ.

ചേർപ്പ് മേഖലയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

47(950) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിക്ക് ചേർപ്പ് മേഖലയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഒല്ലൂർ എ.ഇ.ഓഫീസിന് കീഴിൽ എത്ര പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട് ;

(സി) ഈ പ്രദേശത്ത് ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) എൽ.ഐ.സി.യുടെ സഹായത്തോടെയുള്ള പുതിയ രണ്ട് പദ്ധതികൾ ഒല്ലൂർ എ.ഇ. ഓഫീസിന് കീഴിലാണോ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) വളരെ വലിയ ഈ രണ്ട് പദ്ധതികൾ ഈ ആഫീസിന് കീഴിൽ പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്നറിയിക്കുമോ ;

(എഫ്) പ്രസ്തുത സാഹചര്യങ്ങൾ കണക്കിലെടുത്ത് ഇവിടെ എ.ഇ.ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ബി) 9 പഞ്ചായത്തുകൾ.

(സി) 9 പഞ്ചായത്തുകളിലെ നിലവിലുള്ള പദ്ധതികളുടെ ഓപ്പറേഷനും മെയിന്റനൻസും, ഒല്ലൂർ പദ്ധതി, എടുക്കുനി പദ്ധതി, ഊരകം സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി തൃക്കൂർ-ഒല്ലൂർ ശുദ്ധജലവിതരണ പദ്ധതി എന്നി പുതിയ പദ്ധതികളും ഈ സെക്ഷന്റെ കീഴിലാണ്.

(ഡി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഒല്ലൂർ സെക്ഷന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

(ഇ) ഈ രണ്ട് പദ്ധതികൾ കൂടാതെ 9 പഞ്ചായത്തിലെ നിലവിലുള്ള പദ്ധതികളും തൃക്കൂർ-ഒല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള പുതിയ പദ്ധതികളും ഈ സെക്ഷന്റെ കീഴിലായതിനാൽ ഒല്ലൂർ ഓഫീസിൽ താരതമ്യേന ജോലിഭാരം കൂടുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly